ഇറിഗേഷൻ വകുപ്പിൽനിന്നും 16.5 കോടിരൂപ ലഭിക്കുവാനുണ്ട്. കുടിശ്ശിക വരുത്തിയതിനാൽ ചില കണക്ഷനുകൾ വിച്ഛേദിച്ചു. ഇറിഗേഷൻ വകുപ്പ് 9 കോടിരൂപ ഈ വർഷം അടയ്ക്കാമെന്ന് അറിയിച്ചിട്ടുള്ളതിനാൽ പ്രസ്തുത കണക്ഷനുകൾ പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(17) പേരാവൂർ നിയോജകമണ്ഡലത്തിലെ ബാരാപോൾ ജലവൈദ്യുത പദ്ധതിയുടെ പ്രവർത്തനം

പ്രൊഫസർ എ. ഡി. മുസ്തഫ: സർ, 2001 ജനുവരി മാസം ടെണ്ടർ നൽകി പ്രവർത്തനം ആരംഭിച്ച ബാരാപോൾ ജലവൈദ്യുത പദ്ധതിയുടെ പ്രവർത്തനം പൂർണ്ണമായി നിലച്ചിരിക്കുകയാണ്. ഈ കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): സർ, 21 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ബാരാപോൾ പദ്ധതി ക്യാപ്റ്റീവ് ജനറേഷൻ സ്കീമായി നടപ്പാക്കുവാൻ ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസിന് സർക്കാർ 3-11-2002-ലെ ഉത്തരവ് പ്രകാരം ഏൽപ്പിച്ചിരുന്നതാണ്. മൂന്ന് വർഷം കഴിഞ്ഞിട്ടും പദ്ധതി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാതിരിക്കുന്നു. അതിനാൽ പ്രസ്തുത പദ്ധതി റദ്ദ് ചെയ്യാതിരിക്കുന്നതിനുള്ള കാരണം കാണിക്കൽ നോട്ടീസ് സർക്കാർ 13-1-2004-ൽ കമ്പനിക്ക് നൽകിയിട്ടുണ്ട്. അത് കിട്ടിയതിനുശേഷം ബോർഡുതന്നെ നേരിട്ട് ആ പദ്ധതി നടത്തുന്നതിനുള്ള ഏർപ്പാട് ഉണ്ടാക്കുന്നതാണ്.

(18) കാസർഗോഡ് ബി.എഡ്. കോളേജിന് എൻ.സി.ടി.ഇ. അംഗീകാരം

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, 1994-ന് കോഴിക്കോട് സർവ്വകലാശാലയുടെ കീഴിൽ ആരംഭിച്ചതും ഇപ്പോൾ കണ്ണൂർ സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്നതുമായ കാസർഗോഡ് ബി.എഡ്. സെന്ററിന് എൻ.സി.റ്റി.ഇ. അംഗീകാരം റദ്ദാക്കിയതായി ചില മാധ്യമങ്ങളിൽ ഈയിടെ കാണുകയുണ്ടായി. അടിയന്തിരമായി കാസർഗോഡുള്ള ബി.എഡ്. സെന്ററിന് അംഗീകാരം നിലനിർത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): സർ, കാസർഗോഡ് ബി.എഡ്. സെന്റർ ഇപ്പോൾ പ്രവർത്തിച്ചുവരുന്ന നിലയിൽ തുടർന്നു പ്രവർത്തിക്കുമെന്ന് യൂണിവേഴ്സിറ്റി ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. ഈ കാര്യത്തിൽ വേണ്ട നടപടികൾ എടുക്കാം.

2/198/2013—29.

LIBRARY ARCHIVES Kerala Legislative Assembly